ലാന്റ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം **9356**

(ഹാജർ:എം.സി.മോഹൻദാസ്, ഐ.എ.എസ്)

(പബ്ളിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)

എൽ.ആർ:(എ)3-6252/15 24 തീയതി;08-04-2015

വിഷയം:-കേരളമുദ്രപ്പത്ര നിയമം 54(2) വകുപ്പ്-മുദ്രസല നിർണ്ണയം-ഉത്തരവ്-സംബന്ധിച്ച്

പരാമർശം:-1. പാലക്കാട് ജില്ലാ രജിസ്ട്രാർ ജനറലിന്റെ 20-03-14-ലെ ജി1/691/14-ാം നമ്പർ റിപ്പോർട്ട്

2. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 07-02-15-ലെ RR4-8141/14- ാം നമ്പർ റിപ്പോർട്ട്

പാലക്കാട് സബ് രജിസ്ട്രാർ ഓഫീസിലെ പി5/2014- ാം നമ്പർ ബന്തവസ്സാധാരത്തിന് കേരളമുദ്രപ്പത്രനിയമം 54(2) വകുപ്പ് പ്രകാരം മുദ്രസല നിർണ്ണയം സംബന്ധിച്ച ഉത്തരവിനായി മേൽ പരാമർശങ്ങൾ പ്രകാരം അപേക്ഷിച്ചിരിക്കുന്നു

പാലക്കാട് സബ് രജിസ്ട്രാർ ആഫീസിൽ രജിസ്ട്രേഷനായി ഹാജരാക്കിയ 22 ലക്ഷം രൂപ വിലയുള്ള തീറാധാരം പുലിക്കട വീട്ടിൽ ഹംസ, അസൈനാർ ഹാജി. റഫീക്ക് മുതൽ പേർക്ക് എഴുതികൊടുത്ത തീറാധാരമാണെന്നും ബന്തവസ്സാധാരത്തിൽ മുന്നാധാരങ്ങളിൽ ജന്മാവകാശം കിട്ടിയതായി എഴുതിയിട്ടുണ്ട്, എങ്കിലും യഥാർത്ഥത്തിൽ ജന്മാവകാശം സിദ്ധിച്ചിട്ടില്ലാത്തതും പാട്ടാവകാശമായി നിന്നുവരുന്നതുമാകുന്നു. മുന്നാധാരങ്ങളിൽ വഹകൾക്ക് ജന്മാവകാശം സിദ്ധിച്ചു എന്ന് തെറ്റായ അവകാശവിവരണം കാണിച്ചിട്ടുള്ളതും എന്ന് പ്രതിപാദിച്ചിരിക്കുന്നതിനാൽ ഒരു തെറ്റുതിരുത്താധാരം കൂടി ഉൾപ്പെടുന്നു. ആധാരത്തിൽ സംഭവിച്ചിട്ടുള്ള പിശക് ആധാരം എഴുതികൊടുത്ത കക്ഷിയോ

ടിയാന്റെ അസാന്നിദ്ധ്യത്തിൽ അനന്തരാവകാശികളോ ആണ് തിരുത്താധാരം മുഖേന തിരുത്തേണ്ടിയിരുന്നത്. എന്നാൽ, ഇവിടെ ആധാരം എഴുതികിട്ടിയ കക്ഷി സ്വയം അവകാശം തിരുത്തിയിരിക്കുന്നു

ബന്തവസ്സാധാര പ്രകാരം 642/11 നമ്പർ ആധാരത്തിലെ അവകാശം മാറുന്നുണ്ട്. ആകയാൽ തീറാധാരത്തിന് പുറമേ ഭൗതികമാറ്റം സംഭവിച്ച ഒരു തിരുത്താധാരം കൂടി ഉൾപ്പെടുന്നു. മുന്നാധാരത്തിലെ പിഴ തിരുത്തുന്നതിനാൽ ഭൗതികമാറ്റം സംഭവിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ ഇതിനെ ഒരു തീറാധാരമായി പരിഗണിക്കേണ്ടിയിരിക്കുന്നു. അതോടൊപ്പം പുതിയ ആധാരത്തിന്റെ മുദ്രവില ഉൾപ്പെടെ 2, 64,000/- രൂപ മുദ്ര ആവശ്യമാണെന്ന ജില്ലാ രജിസ്ട്രാറുടെ ഉത്തരവ് യഥാവിധിയാണെന്ന രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ അഭിപ്രായത്തെ സാധൂകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
കമ്മീഷണർ

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം

പകർപ്പ്:-

(1) ജില്ലാ രജിസ്ട്രാർ(ജനറൽ), പാലക്കാട് (IGR മുഖാന്തിരം)

(2) ഫയൽ/അധികം

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

പുനഃപരിശോധന നമ്പർ RR4-8141/14. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കാര്യാലയം,
തിരുവനന്തപുരം /04/14

ഉത്തരവിന്റെ പകർപ്പ് അറിവിനും തുടർനടപടിക്കുമായി അയക്കുന്നു.

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനു വേണ്ടി

എല്ലാ ജില്ലാ രജിസ്ട്രാർമാർക്കും, ഡി.ഐ.ജി മാർക്കും